നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

13 (*473) ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാഷണൽ കയർ റിസർവ്വ് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെ ;

(സി) പ്രസ്തുത സ്ഥാപനത്തിന് കയർ വ്യവസായത്തെ പരിപോഷിപ്പിക്കുവാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കണമെന്നതിനെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) കയറും കയറുല്പന്നങ്ങളും നിർമ്മിക്കുന്നതിനുപയോഗിക്കുന്ന യന്ത്രങ്ങളുടെ ആധുനികവൽക്കരണം, നൂതനയന്ത്രങ്ങളുടെ രൂപകൽപ്പന, ആഗോള വിപണിയിൽ പിടിച്ചുനിൽക്കത്തക്കത്ത രീതിയിലുള്ള വൈവിധ്യമാർഗവും പുതുമയാർന്നതുമായ ഉല്പന്നങ്ങളുടെ ആവിഷ്കാരം, ഗുണമേന്മയേറിയ ഉല്പന്നങ്ങളുടെ നിർമ്മാണം, അനുബന്ധകാര്യങ്ങൾ ഇവയെ സംബന്ധിച്ച് ഗവേഷണം നടത്തുക, ഗവേഷണഫലങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ടാണ് ഇത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കയർമേഖലയെയും കയർ ഉൽപ്പന്നങ്ങളുടെ പ്രാദേശിക ദേശിയ അന്തർദേശീയ വിപണനം സംബന്ധിച്ച മാനേജ്മെന്റ് പഠനം, കയർതൊഴിലാളികൾക്കും ശാസ്ത്രജ്ഞർക്കും ഉല്പാദകർക്കും പരിശീലന പരിപാടികൾ സെമിനാറുകൾ വർക്ക്ഷോപ്പുകൾ എന്നിവയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യമാണ്.

കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. സ്കെയിൽ നടപ്പാക്കുമ്പോൾ കുടിശ്ശിക തുക രൊക്കം പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

14 (*474) ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. സ്കെയിൽ നടപ്പാക്കുമ്പോൾ കുടിശ്ശികത്തുക ഒരോന്നും പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നാണ് പ്രസ്തുത സർവ്വകലാശാല ഗവൺമെന്റിനെ അറിയിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly